# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2223 08.12.2014-ൽ മറുപടിക്ക്

**ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.റ്റി.സി. ഏർപ്പെടുത്തിയ ക്രമീകരണങ്ങൾ**

ചോദ്യം — ശ്രീ. മുല്ലക്കര രത്നാകരൻ :

ഉത്തരം — ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.റ്റി.സി. എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) | ശബരിമല മഹോൽസവവുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സിയുടെ പമ്പ ബസ് സ്റ്റേഷന്റെ പ്രവർത്തനം 14.11.2014-ൽ ആരംഭി ക്കുകയുണ്ടായി. മാവേലിക്കര റീജിയണൽ വർക്ക്ഷോപ്പ് വർക്സ് മാനേജരെ പമ്പ ബസ് സ്റ്റേഷന്റെ സ്പെഷ്യൽ ഓഫീസറായും അദ്ദേ ഹത്തെ സഹായിക്കുവാൻ രണ്ട് ഓഫീസർ മാരെയും നിയോഗിച്ചിട്ടുണ്ട്. പുറമെ എഴുപത്തി അഞ്ചോളം ജീവനക്കാരെയും പമ്പ ബസ് സ്റ്റേഷനിലേക്ക് നിയോഗിച്ചിട്ടുണ്ട്. തിരുവനന്തപുരം സെൻട്രൽ, കൊട്ടാരക്കര, പുനലൂർ, പത്തനംതിട്ട, ചെങ്ങന്നൂർ, അടൂർ, കായംകുളം, കോട്ടയം, എറണാകുളം, എരുമേലി, കുമിളി എന്നീ യൂണിറ്റുകളെ പ്രത്യേക സർവ്വീസ് കേന്ദ്രങ്ങളായി പ്രഖ്യാപിച്ച് ആദ്യഘട്ടത്തിൽ നൂറ്റി അൻപതോളം ബസ്സുകൾ പൂൾ ചെയ്ത് നൽകിയിട്ടുണ്ട്. നിലക്കൽ-പമ്പ ചെയിൻ സർവ്വീസിനായി 100 ബസ്സുകൾ പമ്പ ബസ് സ്റ്റേഷനിലും പൂൾ ചെയ്തിട്ടുണ്ട്. തിരക്കിന നുസരിച്ച് കൂടുതൽ ബസ്സുകൾ അനുവദിച്ച് വരുന്നുമുണ്ട്. തിരുവനന്തപുരം പഴവങ്ങാടി ഗണപതി ക്ഷേത്രം, കൊട്ടാരക്കര ഗണപതി ക്ഷേത്രം, ഓച്ചിറ പരബ്രഹ്മ ക്ഷേത്രം, ഗുരുവായൂർ ശ്രീകൃഷ്ണ ക്ഷേത്രം, കോട്ടയം, ചെങ്ങന്നൂർ, തിരുവല്ല, എറണാകുളം റെയിൽവേ സ്റ്റേഷനുകൾ |

| | | | |
|---|---|---|---|
| | | | എന്നിവിടങ്ങളിൽ നിന്നും പമ്പയിലേക്കും എരുമേലിയിലേക്കും പ്രത്യേക സർവ്വീസുകൾ നടത്തി വരുന്നുണ്ട്. നിലക്കൽ, പ്ലാപ്പള്ളി, പെരിനാട് എന്നിവിടങ്ങളിൽ ബ്രേക്ക് ഡൗൺ ഉണ്ടായാൽ അറ്റൻഡ് ചെയ്യുന്നതിന് മെക്കാനിക്കൽ ജീവനക്കാരുടെ സംഘത്തെ വിന്യസിച്ചിട്ടുമുണ്ട്. വിവിധ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന തീർത്ഥാടകർക്ക് മനസ്സിലാക്കുന്നതിനായി ബസ്സുകളുടെ ബോർഡുകളിൽ സ്ഥലനാമം മലയാളത്തിന് പുറമെ തമിഴ്, തെലുങ്ക്, കന്നഡ, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഓൺലൈൻ റിസർവേഷൻ സൗകര്യമുള്ള എല്ലാ ഡിപ്പോകളിൽ നിന്നും പമ്പയിലേക്ക് റിസർവേഷൻ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ബാംഗ്ലൂരിൽ നിന്നും രണ്ട് സൂപ്പർ ഡീലക്സ് ബസുകൾ ദിവസവും പമ്പയിലേക്ക് സർവ്വീസ് നടത്തുന്നുണ്ട്. തമിഴ്നാട്ടിലെ വിവിധ സ്ഥലങ്ങളിലേക്ക് പമ്പയിൽ നിന്നുമുള്ള സർവ്വീസുകൾ ഉടൻ തന്നെ ആരംഭിക്കുന്നതാണ്. തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിൽ നിന്നും നടത്തുന്ന മറ്റ് പ്രത്യേക സർവ്വീസുകൾക്ക് പുറമെ ഒരു വോൾവോ ബസ് ഉപയോഗിച്ച് ദിവസവും ഒരു സർവ്വീസ് നടത്തിവരുന്നുമുണ്ട്. തീർത്ഥാടകരുടെ തിരക്കിനനുസരിച്ച് കൂടുതൽ ബസ്സുകൾ അനുവദിച്ച് ഈ വർഷത്തെ ശബരിമല മഹോൽസവ പ്രത്യേക സർവ്വീസ് കാര്യക്ഷമമായി നടത്തുവാൻ കെ.എസ്.ആർ.ടി.സി എല്ലാ സജീകരണങ്ങളും ഇതിനകം നടത്തി കഴിഞ്ഞിട്ടുണ്ട്. |
| (ബി) | ചടയമംഗലം ഡിപ്പോയിൽ നിന്ന് പമ്പയിലേക്ക് നിത്യേന സർവ്വീസ് നടത്തുന്ന കാര്യം പരിഗണിക്കുമോ? | (ബി) | ചടയമംഗലം ഡിപ്പോയിൽ നിന്നും 16.11.2014 മുതൽ രാത്രി 08.00 മണിക്ക് പമ്പയിലേക്ക് ഒരു സർവ്വീസ് ദിവസവും നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ